ഭരണഭാഷ മാതൃഭാഷ

നം.ടി1/102172/2019/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 25-07-2019
ഫോൺ: 0471-2306580
email: dcescholarship@gmail.com

# സർക്കുലർ

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് (2019-20)

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2019-20 – ഓൺലൈൻ അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിയ്ക്കുന്നതിനായി വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുള്ളത്- സംബന്ധിച്ച്

സൂചന:- 1).കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നുള്ള 17-07-2019-ാം തീയതിയിലെ കത്ത് നമ്പർ. 8-4/2019-എസ്.എസ്.
2). കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ള 18.7.19, 19.7.19 എന്നീ തീയതികളിലെ ഇ-മെയിൽ

******

കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽ ഉൾപ്പെട്ട (മുസ്ലീം/ക്രിസ്ത്യൻ/ സിഖ്/ബുദ്ധ/പാർസി/ജൈന) പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 2019-20 കാലയളവിൽ നൽകുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിനായി www.scholarships.gov.in എന്ന വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായി ഓപ്പൺ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ് പേജ് മുഖാന്തിരം 2019 ഒക്ടോബർ 31-ാം തീയതി വരെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കാവുന്നതാണ്. ഓൺലൈനായല്ലാതെ സമർപ്പിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല.

## സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

*).അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/ സിഖ്/ബുദ്ധ/പാർസി/ജൈന സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം

*). **അപേക്ഷകർ താഴെപറയുന്ന കോഴ്സുകളിലൊന്നിലെ വിദ്യാർത്ഥിയും തൊട്ട് മുൻവർഷത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ, തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം.**

**(i) ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കന്ററി/ ഡിപ്ലോമ/ബിരുദം/ബിരുദാനന്തരബിരുദം/എം.ഫിൽ/പി.എച്ച്.ഡി കോഴ്സുകൾക്ക് പഠിക്കുന്നവർ**

**(ii) എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ/ഐ.ടി.സി സെന്ററുകളിലെ ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകളിൽ XI, XII ക്ലാസിൽ പഠിക്കുന്നവർ**

**(iii) മെറിറ്റ് കം മൻസ് സ്കോളർഷിപ്പിന്റെ പരിധിയിൽവരാത്ത കോഴ്സുകളിൽ പഠിക്കുന്നവർ.**

*) കോഴ്സിന്റെ മുൻവർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ മുൻവർഷത്തെ രജിസ്ട്രേഷൻ ഐ.ഡി ഉപയോഗിച്ച് റിന്യൂവലായി അപേക്ഷിക്കേണ്ടതാണ്.

*)അപേക്ഷകരുടെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

*) പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിനായി അപേക്ഷിക്കേണ്ടതില്ല.

*)അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്

*)അപേക്ഷകർക്ക് ഐ.എഫ്.എസ്.സി കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

*) സ്കോളർഷിപ്പ് സംബന്ധിച്ച അറിയിപ്പുകൾ കേന്ദ്ര സർക്കാർ എസ്.എം.എസ്.മുഖാന്തിരം വിദ്യാർത്ഥികളെ അറിയിക്കുന്നതാണ്.

*) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾ കേരളം Domicile ആയി തിരഞ്ഞെടുത്ത് ഓൺലൈൻ ആയി അപേക്ഷിക്കേണ്ടതാണ്.

*)ഒരേ കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

*)അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.

*)വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതും ഇത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

*)സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

*) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ, അപേക്ഷിക്കേണ്ട രീതി, തുടർ നടപടി എന്നിവ കേന്ദ്രഗവൺമെന്റിന്റെ National Scholarship Portal ആയ www.scholarships.gov.in ൽ ലഭ്യമാണ്.

*). ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ www.scholarships.gov.in എന്ന വെബ്സൈറ്റിലൂടെ **2019 ഒക്ടോബർ 31 നകം** ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. **മാന്വൽ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.**

*) വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിച്ചശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റൗട്ട് പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കുകയും ആപ്ലിക്കേഷൻ ഐ.ഡി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

*). ഇൻസ്റ്റിറ്റ്യൂഷൻസിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ ഓൺലൈനായി ലഭിച്ച അപേക്ഷകൾ വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിറ്റ്യൂഷനിൽ സൂക്ഷിക്കേണ്ടതുമാണ്.

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് (2019-20) സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ

കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽ ഉൾപ്പെട്ട പ്ലസ്‌വൺ മുതൽ ഉയർന ക്ലാസുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷി സംബന്ധിച്ച് താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ സ്കോളർഷിപ്പുമായി ബന്ധപ്പെ സ്വീകരിക്കേണ്ടതാണ്.

വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

1. സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നതിനാൽ വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന രജിസ്ട്രേഷൻ ഐ.ഡി (കേരളത്തിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ആപ്ലിക്കേഷൻ ഐ.ഡി - KLൽ ആരംഭിക്കും) പാസ്‌വേഡ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

2. വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ശേഷം ലഭിക്കുന്ന പ്രിന്റൗട്ട് നിലവിൽ പഠനം നടത്തുന്ന സ്ഥാപനത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ തല വെരിഫിക്കേഷൻ ചെയ്യുന്നതിനായി നൽകേണ്ടതും അപേക്ഷകൾ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ ഓൺലൈൻ വെരിഫിക്കേഷൻ/റീ വെരിഫിക്കേഷൻ ചെയ്തിട്ടുള്ളതായി ഉറപ്പു വരുത്തേണ്ടതുമാണ്.

3. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വെബ്സൈറ്റിൽ സ്കോളർഷിപ്പിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ (വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്കിലെ ആക്ടീവായുള്ള അക്കൗണ്ട് നിർബന്ധമാണ്),മൊബൈൽ നം, ആധാർ നം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണം. വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന അംഗീകൃത സർട്ടിഫിക്കറ്റ് വെബ്സൈറ്റിൽ നിർബന്ധമായും അപ്‌ലോഡ് ചെയ്ത് നൽകേണ്ടതുമാണ്. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഫോട്ടോ, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ തുടങ്ങിയ രേഖകളുടെ പകർപ്പുകളും കേരളത്തിലെ അപേക്ഷകരായ വിദ്യാർത്ഥികൾ നിർബന്ധമായും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4. ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളിലും വിദ്യാർത്ഥികൾ തങ്ങളുടെ ഇൻസ്റ്റിറ്റ്യൂഷൻസിൽ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങളിലും വ്യത്യാസങ്ങൾ ഉണ്ടാകരുത്.

5. ഓൺലൈൻ അപേക്ഷ സമർപ്പണത്തിനു ശേഷം ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷൻ തല വെരിഫിക്കേഷനായി സമർപ്പിക്കേണ്ടതാണ്. ആയത് ഇൻസ്റ്റിറ്റ്യൂഷൻസിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് -2019-20 -വിവിധ വിദ്യാഭ്യാസ സ്ഥാപനമേധാവികൾ/ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാർക്കുള്ള പൊതുവായ നിർദേശങ്ങൾ**

1) 2019-20 കാലയളവിൽ സ്കോളർഷിപ്പിനായി ഇൻസ്റ്റിറ്റ്യൂഷനുകൾ റീ-രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

2) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി ഇൻസ്റ്റിറ്റ്യൂഷൻസിന്റെ സാധുവായ AISHE/DISE/NCVT/SCVT codeകൾ ലഭിച്ചതും/പുതിയതായതും ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ റീ രജിസ്ട്രേഷൻ/ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ആയതിനുശേഷം സ്ഥാപനം എൻ.എസ്.പി.യിൽ ADD ചെയ്യുന്നതിനായി സ്റ്റേറ്റ് നോഡൽ ഓഫീസിൽ (സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസ്) ബന്ധപ്പെടേണ്ടതാണ്.

3) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിനായി www.scholarships.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം Institution Registration form ഓൺലൈനായി നാഷണൽ പൊർട്ടൽ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. Institution Registration form - ൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കോളർഷിപ്പ് നോഡൽ ഓഫീസറുടെ ഐ.ഡി.പ്രൂഫ് ഉൾപ്പെടെയുള്ള വിവരങ്ങൾ അപ്ലോഡ് ചെയ്ത് നൽകേണ്ടതും വെബ്സൈറ്റിൽ നൽകിയിട്ടുള്ള Institution Registration form -ന്റെ പ്രിന്റൗട്ട് (ഐ.ഡി.പ്രൂഫ് ഉൾപ്പെടെയുള്ള പേജിന്റെ പകർപ്പ് സഹിതം) ഈ ഓഫീസിൽ തപാൽ മുഖാന്തിരം അയച്ചുതരേണ്ടതാണ്. ഇപ്രകാരം അയച്ചുതരേണ്ട 2 പകർപ്പുകളിലും ഇൻസ്റ്റിറ്റ്യൂട്ട് സ്കോളർഷിപ്പ് നോഡൽ ഓഫീസറുടെ ഫോട്ടോ പതിച്ചിരിക്കണം. ഈ ഓഫീസിൽ ലഭിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ഫോമുകളുടെ പകർപ്പുകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസിൽ വെരിഫിക്കേഷന് വിധേയമാക്കിയ ശേഷം ഒരു പകർപ്പ് ഇൻസ്റ്റിറ്റ്യൂഷൻസിൽ സൂക്ഷിക്കുന്നതിനായി തിരികെ അയച്ചുതരുന്നതാണ്. ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ഫോമുകൾ തപാൽ മുഖാന്തിരം സ്കോളർഷിപ്പിന്റെ പേര് ഉൾപ്പെടുത്തി പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി താഴെപ്പറയുന്ന മേൽ വിലാസത്തിലേക്ക് അടിയന്തിരമായി **(ജൂലൈ 31 ന് മുൻപായി)** അയച്ചുതരേണ്ടതാണ്. **സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, ആറാം നില, തിരുവനന്തപുരം** -33. ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ഫോമിന്റെ ഒരു പകർപ്പ് മാത്രം അയച്ചിട്ടുള്ളവർ ഒരു പകർപ്പ് കൂടി അയച്ചുതരേണ്ടതാണ്.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2019-20 സംബന്ധിച്ച വിശദാംശങ്ങൾ www.scholarships.gov.in, www.minorityaffairs.gov.in, www.dcescholarship.kerala.gov.in, www.collegiateedu.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് postmatric scholarship@gmail.com എന്ന ഇ-മെയിൽ ഐ.ഡിയിലോ 0471-2306580, 9446096580, 9446780308 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.

**സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

JJ